# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാവനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.9/2644/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയതി: 28/12/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 28/12/2024

കെ.എസ്.എ.എം.പി.എം.9/2644/2024

# മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2023 മുതൽ 10-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ.കെ , കെ.എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-12-2024 | 20-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-12-2024 | 20-12-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷംസിയ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. വിനീത പി പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.വി ഉസ്മാൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. രാജേഷ് ടി പി | സെക്രട്ടറി | 01-04-2023 | 23-04-2023 |
| ശ്രീമതി. ആശ കമാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-04-2023 | 07-05-2023 |
| ശ്രീ. രാജേഷ് ടി പി | സെക്രട്ടറി | 08-05-2023 | 12-09-2023 |
| ശ്രീമതി. ഖൗലത്ത് ഇ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2023 | 17-10-2023 |
| ശ്രീ. സജി കെ കെ | സെക്രട്ടറി | 18-10-2023 | 13-11-2023 |
| ശ്രീമതി. ഖൗലത്ത് ഇ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-11-2023 | 19-03-2024 |
| ശ്രീ. അനിൽകുമാർ ഡി | സെക്രട്ടറി | 20-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആശ കമാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 23-07-2023 |
| ശ്രീമതി. ഖൗലത്ത് ഇ കെ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2023 | 31-03-2024 |
| ശ്രീമതി. സീനത്ത് കെ.കെ | കൃഷി ഓഫീസർ | 01-04-2023 | 06-12-2023 |
| ശ്രീമതി.ലിനി ജി | കൃഷി ഓഫീസർ | 07-12-2023 | 31-03-2024 |
| ഡോ. അബ്ദുൽ റസാക്ക് | വെറ്ററിനറി സർജൻ | 01-04-2023 | 30-09-2023 |
| ഡോ. കുഞ്ഞിമൊയ്തീൻ ഇ | വെറ്ററിനറി സർജൻ | 01-10-2023 | 31-03-2024 |
| ശ്രീ. ശ്രീകാന്ത് കെ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 09-07-2023 |
| ശ്രീമതി. നിത ടി ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-07-2023 | 31-03-2024 |
| ശ്രീമതി. സനീജ പി | വി ഇ ഒ | 01-04-2023 | 31-03-2024 |
| ഡോ.റംഷാദ് നാലകത്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ മുഹമ്മദ് ഷാനവാസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 28-12-2023 |
| ഡോ. ബുഷ്റ ഒ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 29-12-2023 | 31-03-2024 |
| ശ്രീമതി. പത്മിനി ഒ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-05-2023 |
| ശ്രീമതി.ഗീത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2023 | 10-08-2023 |
| ശ്രീമതി. ലിജിത എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-08-2023 | 31-03-2024 |
| ശ്രീമതി. നശാത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം | 1-11 |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 19 | രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു | 1-13 |
| 20 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 1-14 |
| 21 | വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ | 1-15 |
| 22 | സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ- അപാകതകൾ | 1-16 |
| 23 | അനധികൃത നിർമ്മാണങ്ങൾ-UA നമ്പർ നൽകുകയോ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യില്ല. | 1-17 |
| 24 | വിവിധ അനധികൃത നിർമ്മാണങ്ങൾ-നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 25 | കെട്ടിടങ്ങൾക്ക് പൂർണ്ണമായും പരിഷ്കരിച്ച നിരക്കിൽ നികുതി ചുമത്തുന്നില്ല | 1-19 |
| 26 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-20 |
| 27 | അങ്കണവാടികൾക്ക് പാത്രങ്ങൾ- വിതരണം, സ്റ്റോക്കെടുപ്പ് അപാകതകൾ | 1-21 |
| 28 | ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി, മറ്റ് അപാകതകൾ | 1-22 |
| 29 | അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കുന്നതു സംബന്ധിച്ച് | 1-23 |
| 30 | അസി.എഞ്ചിനീയർ കാഷ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-24 |
| 31 | പൊതുമരാമത്ത് അവലോകനം | 1-25 |
| 32 | ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് സംവിധാനം പ്രയോജനപ്പെടുത്തുന്നില്ല. | 1-26 |
| 33 | മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ 12,650 രൂപ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി. | 1-27 |

| | | |
|---|---|---|
| 34 | Advance To Implementing Agencies & Implementing Officers - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് / മുൻകൂർ ക്രമീകരണ വിവരം -സംബന്ധിച്ച് | 1-28 |
| 35 | നിക്ഷേപ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-29 |
| 36 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-30 |
| 37 | വാഹനങ്ങൾ "VEELS"വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതു സംബന്ധിച്ച് | 1-31 |
| 38 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-32 |
| 39 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സ്റ്റോക്കെടുപ്പ് അപാകതകൾ | 1-33 |
| 40 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൌ )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺ ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കാവന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 14.07.2024 ലെ 1(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി **15-07-2024** തീയ്യതിയിൽ പിന്തുണ ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കാവനൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസ വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നി 31.03.2024 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഒ ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ ക അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)**C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂ ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്ക ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏ മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവന്നൂർ ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കു സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 28-12-2024

ഡെപ്യൂട്ടി ഡയ
കേരള സംസ്ഥാന ഓഡിറ്റ് വ
ജില്ലാ ഓഡിറ്റ് കാര്യാലയം, മല

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62( പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പ സമർപ്പിച്ചിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 60426024/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 3186834/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നി ല്ല.

## 1-1-3 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നി

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-1-4 ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി

B1 Schedule ലെ Excess Of Income Over Expenditure തൻവർഷത്തെ നീക്കിയിരിപ്പ് (19,915,653) തൻവർഷത്തെ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് (23450359) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

മുഴുവൻ ആസ്തികളും, അവ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി ,ആസ്തി രജിസ്റ്റർ കാലികമാക്കിയ

## 1-1-6 ഓഡിറ്റ് റിക്കവറി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 01/29-03-2023 | 01/08-02-2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 62495614 |
| വരവ് | 234133802 |
| ആകെ | 296629416 |
| ചെലവ് | 230946968 |
| നീക്കിയിരിപ്പ് | 65682448 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22827468 | 22827468 | 20228404 | 2599064 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10098432 | 10098432 | 9158438 | 939994 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22796650 | 22796650 | 14365852 | 8430798 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9114000 | 9114000 | 7264550 | 1849450 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 3090500 | 3090500 | 6071260 | -2980760 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4121000 | 4121000 | 2873191 | 1247809 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 364 | 232851441 | 208 | 120854844 | 0 | 156 | 57.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1234495 | 1337485 | 2571980 | 2571980 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 31176474 | 31176474 | 31176474 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 5332800 | 3520 |
| വിധവാപെൻഷൻ | 12338400 | 8508 |
| വാർദ്ധക്യകാലപെൻഷൻ | 24346600 | 17721 |
| വികലാംഗപെൻഷൻ | 5284200 | 3383 |
| വിവാഹ ധനസഹായം | - | - |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 406400 | 254 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശേ 11.12.2024 ന് 3:15 Pm മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യര നടത്തുകയുണ്ടായി. പരിശോധനയിൽ 59,403/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22 മാർഗരേഖ പ്രകാരം പ്രൊജക്ട് നിർവ്വഹണത്തിനുശേഷം വർ ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം . എന്നാൽ മോണിറ്ററിംഗ് കാര്യക്ഷമ നടക്കുന്നില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയ

3.അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളെ സ്വീകരിച്ചിട്ടില്ല. ഖ.1-17,ഖ.1-18 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

4. ട്രേഡേഴ്സിന്റെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കു രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.

6. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി ര ശരിയായി എഴുതി സൂക്ഷിക്കുന്നില്ല.

7. ഗ്രാമ പഞ്ചായത്തിന്റെ നിയമാനുസൃത ലൈസൻസ് ഇല്ലാതെ വാണിജ്യ/ വ്യവസായ സ്ഥാപന പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

8. ഗ്രാമ പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനങ്ങൾ വർധിപ്പിക്കുന്നതിനു വേണ്ട നടപ സ്വീകരിക്കണം.

9.മാലിന്യ നിർമ്മാർജനരംഗത്ത് നിലവിലുള്ള പോരായ്മകൾ പരിഹരിക്കേണ്ടതാണ്.വിശദാംശ

ഹരിതകർമ്മസേന അവലോകനത്തിൽ ഖ.1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10.മരാമത്ത് പ്രവത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ഫണ്ട് നഷ്ടപ്പെടുന്ന പ്രവ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

11. ഗ്രാമ പഞ്ചായത്തിലെ കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ പൂർണ്ണ വിവരങ്ങൾ ചേ സ്റ്റോക്കിലെടുക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2022 | 5/2022 മുതൽ 10/2022 വരെ | 18-11-2022 |
| എ.ജി ഓഡിറ്റ് | 06.11.2013 | 2008-09 മുതൽ 2012-13 വരെ | 26.12.2013 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 ( കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് **കാറ** ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായി മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോ തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | | 37977 |
| 2)ആകെ വാർഡുകളുടെ എണ്ണം | | 19 |
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 571 | 10 |
| 2 | 499 | 43 |
| 3 | 456 | 39 |
| 4 | 434 | 94 |
| 5 | 571 | 35 |
| 6 | 589 | 14 |
| 7 | 493 | 37 |
| 8 | 479 | 14 |
| 9 | 494 | 49 |
| 10 | 495 | 11 |
| 11 | 473 | 16 |
| 12 | 511 | 111 |
| 13 | 464 | 13 |
| 14 | 525 | 17 |
| 15 | 500 | 24 |
| 16 | 417 | 58 |
| 17 | 478 | 29 |
| 18 | 493 | 7 |
| 19 | 532 | 21 |
| ആകെ | 9474 | 642 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 36 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ഉണ്ട് |

2) **മാലിന്യ ശേഖരണ കാര്യക്ഷമത**
മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയത് പൂർണ്ണമല്ല. ഷെഡ്യൂൾ ചെയ്ത് മാ ശേഖരണം നടപ്പാക്കുന്നത് ഭാഗികമാണ്. യൂസർ ഫീ കാർഡ്, രജിസ്ട്രേഷൻ, ഹരിത മിത്രം ആപ്പ് എ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കീഴിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെ ബോധവല്ക്കരണം, IEC പ്രവർത്തനങ്ങൾ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. ഹരിത കർമ്മ അംഗങ്ങൾക്കുള്ള ഐ.ഡി കാർഡ് വിതരണം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതമിത്രം സ്മാർട്ട് ഗാർ മോണിറ്ററിംഗ് സിസ്റ്റവും പ്രവർത്തിപഥത്തിൽ വന്നിട്ടുണ്ട്. യൂസർ ഫീ പിരിവിൽ രസീത് നൽകു യൂസർ ഫീ കാർഡ് നൽകിയതിൽ രേഖപ്പെടുത്തി ഒപ്പ് വെച്ച് നൽകുകയാണ് ചെയ്യുന്നത്. ഇത് വഴി കളക്ഷൻ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതായി വിവരം ഇല്ല. രസീതി നൽകി മാത്രം യൂസ ഈടാക്കേണ്ടതാണ്.

3) **മാലിന്യ വേർത്തിരിവ് പാലിക്കൽ**
ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിൽ കാര്യമായ പുരോ ഇല്ല. എംസിഎഫിൽ വെച്ചാണ് വേർതിരിക്കുന്നത്. വിവിധ പ്രശ്നങ്ങൾ കാരണം നിലവിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ വേർതിരിക്കൽ നടക്കുന്നില്ല. കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ അതേ കയറ്റി അയക്കുന്നതായാണ് അറിയിച്ചത്.

4) **റീസൈക്ലിംഗ്**
നിരവധി ബോട്ടിൽ ബൂത്തുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നി ഇടവേളകളിലായി ആയവയിൽ നിന്നും ബോട്ടിലുകൾ/മാലിന്യങ്ങൾ കളക്ഷൻ പോയിന്റിലേക്ക് വരുന്നതായി കാണുന്നില്ല. പല ബോട്ടിൽ ബൂത്തുകളിലും യഥാസമയം ശേഖരിക്കാതെ അവശേഷി മാലിന്യങ്ങൾ കാണുന്നുണ്ട്. ജലസ്രോതസ്സുകളിൽ നിന്നും നിലവിൽ മാലിന്യം എടുക്കുന്ന സാഹ ഉണ്ടായിട്ടില്ല.

5) **കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**
മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിത സേന/ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിതകർമസേനയോടൊപ്പം സ്കൂളുക ബോധവൽകരണം ക്ലാസുകൾ, ഗ്രാമസഭകളിലും, കുടുംബശ്രീ യോഗങ്ങളിലും ബോധവൽക കൂടാതെ കുട്ടികളുടെ ഹരിതസഭ, ഹരിതസഭ, പാവ നാടകം എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

6) **തൊഴിൽ സൃഷ്ടിക്കൽ**
മാലിന്യ സംസ്കരണ മേഖലയിൽ 36 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട് . ഹരിത സേനാംഗങ്ങളുടെ മാസ വരുമാനം ശരാശരി 14,000 രൂപയാണ്. നിലവിൽ വയബിലിറ്റി ഗ്യാപ് ഉപയോഗിക്കേണ്ടി വരുന്നില്ല. എന്നാൽ ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധവിനായി മറ്റു വ്യവ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ തുടങ്ങിയവ പോലുള്ളവയിൽ യുക്തമ ആരംഭിക്കാൻ ഹരിത കർമ്മ സേന/സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

7) **അടിസ്ഥാന സൗകര്യ വികസനം.**
നിലവിൽ ഗ്രാമപഞ്ചായത്ത് വാർഡ് 13ൽ ചെങ്ങര-മട്ടത്തിരികുന്ന് എന്ന സ്ഥലത്താണ് എം.സി കെട്ടിടം. ആയത് നിലവിൽ പ്രവർത്തിക്കുന്നില്ല. കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ എളയൂർ എന്ന സ്ഥ റോഡ് സൈഡിൽ വെച്ചാണ് കയറ്റി അയക്കുന്നത്. 19 വാർഡുകളിലായി 19 മിനി എം.സി.എഫുക ബോട്ടിൽ ബൂത്തുകളുമാണ് നിലവിലുള്ളത്. സ്വന്തമായി ഇലക്ട്രിക് ഗുഡ്സ് ഓട്ടോ വാഹനവും, വെ മെഷീനും ഉണ്ട്. എം.സി.എഫിൽ കുടിവെള്ള സൗകര്യം, വൈദ്യുതി, അഗ്നിശമന ഉപകരണം എ നിലവിലില്ല.

8) **പാരിസ്ഥിതിക ആഘാതം**
നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/ പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ള തടയൽ എന്നിവയുമായി ബന്ധപ്പെട്ടും മാലിന്യം അനധികൃതമായി കയ്യൊഴിയുന്നതുമായ സംഭവ സംബന്ധിച്ച പരാതികൾ 6 എണ്ണം ലഭ്യമായതായും 65823/- രൂപ പിഴ ഈടാക്കിയതായും അറി നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് 10000/- രൂപ പിഴ ഈടാക്കിയതായും അറിയിച്ചു.

9) **പരിശീലനവും വികസനവും**
ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അ വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹ കർമ്മ സേന/ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം SEUF, ഗ്രീൻവോംസ് എന്ന സ്വകാര്യ സ്ഥ (മാലിന്യ സംസ്കരണം) വഴി പരിശീലനം നടത്തി. കൂടാതെ ഹരിതമിത്രം പദ്ധതി വഴിയും പരിശ നടത്തി. എന്നാൽ ഐ.ആർ.ടി.സി/കൺസൾട്ടൻസി ഏജൻസി പരിശീലനം, ജില്ലാ തല ക്യാമ്പ സെക്രട്ടറിയേറ്റ് പരിശീലനം തുടങ്ങിയ മറ്റു പരിശീലനങ്ങൾ നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വ ലഭ്യമായിട്ടില്ല.

10) **നിയമങ്ങൾ പാലിക്കൽ**
പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡ പാലിക്കുന്നതായും ആയതുമായി ബന്ധപ്പെട്ട് 04.10.2021ലെ 6(1) ഭരണസമിതി തീരുമാനപ്രകാരം ബൈ തയാറാക്കിയിട്ടുണ്ട്.

11) **ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**
ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചർച്ചകളും പ്രതിമാസ വിലയിരുത നടത്തുന്നതായി അറിയിച്ചുവെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ്വന്തമായി എം.സി

നിലവിലുണ്ടെങ്കിലും MCF കെട്ടിടം റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങ കുറവും മറ്റ് പ്രശ്നങ്ങളും കാരണം ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. സ്വന്തമായുള്ള ഇലക് ഗുഡ്സ് വാഹനം ഇതിലേക്ക് എത്തിപ്പെടാൻ കഴിയാത്തതിനാൽ പുതിയ വലിയ വാഹനത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ എളയൂർ എന്ന സ്ഥ അരീക്കോട്-മഞ്ചേരി PWD റോഡിന്റെ സൈഡിൽ കൂട്ടിയിട്ട് അവിടെ നിന്നും നേരിട്ട് ക അയക്കുന്നതായാണ് വിവരം ലഭ്യമാക്കിയതും ഓഡിറ്റ് കണ്ടതും. ഈ സ്ഥല ദൗർലഭ്യവും ആളുക സഹകരണകുറവും ആണ് ഹരിത കർമ്മ സേന നേരിടുന്ന പ്രധാന വെല്ലുവിളികൾ. കൂടാതെ ബെയ്‌ല ഷ്രെഡിംഗ് യുണിറ്റുകളും മതിയായ സെഗ്രിഗേഷൻ സൗകര്യം എന്നിവയും നിലവിലില്ല.

**<u>മെറ്റീരിയൽ കളക്ഷൻ (MCF) ഫെസിലിറ്റി വിവരങ്ങൾ</u>**

**<u>1)അടിസ്ഥാന വിവരങ്ങൾ</u>**

ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്ത് വാർഡ് 13ൽ ചെങ്ങര-മട്ടത്തിരികുന്ന് എന്ന സ്ഥലത്താണ് എം.സി കെട്ടിടം. ആയത് നിലവിൽ പ്രവർത്തിക്കുന്നില്ല, പൂട്ടിയിട്ടിരിക്കുകയാണ്. കളക്ട് ചെയ്യുന്ന മാലിന്യ എളയൂർ എന്ന സ്ഥലത്ത് റോഡ് സൈഡിൽ വെച്ചാണ് കയറ്റി അയക്കുന്നത്.

**2) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>**

വീടുകളിൽ നിന്ന് /സ്ഥാപനങ്ങളിൽ നിന്ന് പാഴ് വസ്തുകൾ MCF/RRF-ലേക്ക് ഹരിത കർമ്മ സേന മാസര ഒരിക്കൽ കൈമാറി വരുകയും എല്ലാ വാർഡിലും സേവനം എത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും MCFകളിൽ നിന്നും ബോട്ടിൽ ബൂത്തുകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ മാലിന്യം MCF ( കൊണ്ടു പോകാതെ അവ മാലിന്യത്തോടെ കാട് പിടിച്ച് കിടക്കുന്നതായും ഉണ്ട്.

**3) <u>മാലിന്യ സംഭരണ ശേഷി സംബന്ധിച്ച വിവരങ്ങൾ</u>**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | ജൈവം : ഇല്ല<br>അജൈവം : 2300 Kg |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | കുറവാണ്.<br>2315ച.അടി<br>RRF- ഇല്ല |
| 2)ആകെ വിസ്തൃതി<br>ഉണ്ടായിരിക്കേണ്ടത്.<br>A.ടിപ്പിങ് ഏരിയ (15%)<br>B.സ്റ്റോറേജ് ഏരിയ (25%)<br>C.സോർട്ടിങ് ഏരിയ (20%)<br>D.മെഷിനറി എരിയ(10%)<br>E.അന്തിമ സംഭരണ ഏരിയ (30%) | 340ച.അടി<br>570ച.അടി<br>463ച.അടി<br>--ഇല്ല<br>700ച.അടി |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 6 ദിവസം |

**4) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

പ്ലാസ്റ്റിക് വാട്ടർ ബോട്ടിൽ, പേപ്പറുകൾ, HM കവറുകൾ, ഇരുമ്പ്, ചില്ല്, കോള ബോട്ടിൽ, CFL ബൾബ് തുടങ ഇനങ്ങളായാണ് മാലിന്യം വേർത്തിരിക്കുന്നത്. തൊഴിലാളികളുടെ സുരക്ഷയും പരിസ സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടി പാലിക്കലിന്റെ ഭാഗമായി ഗ്ലൗസ് വിതരണം ചെയ്യുകയും കൂടാതെ കോട്ട്, ഗ്ലൗസ്, മാസ്ക്ക് എന്നിവ ഐഡി കാർഡ് എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ അംഗങ്ങൾക്കും സുരക്ഷാ ഉപകരണ ലഭ്യമാക്കേണ്ടതാണ്.

**5) <u>ശുചിത്വ മാനദണ്ഡങ്ങൾ</u>**

ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCF/RRF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും ശുചിത്വ പാലിക്കാൻ എം സി എഫ് പരിസരം വൃത്തിയാക്കുന്നു.

**6) <u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>**

ശുദ്ധി സൊലൂഷൻസ് എന്ന കമ്പനിയുമായി മാലിന്യം ശേഖരണത്തിനു കിലോ ഗ്രാമിനു 7.4 രൂപക്ക് ക ചമക്കുകയും ആഴ്ചയിൽ ഒരിക്കൽ വീതം മാലിന്യം കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

**<u>7) ബാങ്ക് അക്കൗണ്ട്</u>**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ ബാങ്ക് അക്ക ആരംഭിച്ചതിന്റെ വിവരങ്ങൾ:

| | |
|---|---|
| അക്കൗണ്ട് നം.: | 40151101122859 |
| ബ്രാഞ്ച്,സ്ഥലം | അരീക്കോട് |
| 31.3.24 പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ്: | 228967/- |

**<u>8) വരവു ചെലവു കണക്ക്:</u>**

വരവു ചെലവു കണക്കുകൾ യഥാസമയം പൂർണ്ണമായി എഴുതി സൂക്ഷിക്കാത്തതിനാൽ അപൂർ

പൊരുത്തപ്പെടാത്തതുമായ കണക്കുകൾ എഴുതി സമർപ്പിക്കുകയാണ് ചെയ്തത്. ലഭ്യമാം കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും രജിസ്റ്ററുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഹരിതകർമ്മസേനയുടെ 2023-24 സാമ്പത്തിക വർഷത്തെ യഥാർത്ഥ വരവ് തുകയും ചെലവ് തു എത്രയെന്നത് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ 01.04.2023ന് 228967/ മുന്നിരിപ്പും 31.03.2024ന് 330037/- രൂപ നീക്കിയിരിപ്പും ഉള്ളതായി കണ്ടു.

ക്യാഷ് ബുക്ക് പൂർണ്ണമല്ല, വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംക്ഷിപ്തം തയാറാക്കിയ മേൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയോ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കു ചെയ്തിട്ടില്ല.

**9) മറ്റ് വിവരങ്ങൾ**

(1) 2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ക്ലീൻ കാവനൂർ 146/24 | തനത് ഫണ്ട്, CFC | 1626680 | 1315839 | -- |
| 2 | അതിധരിദ്രരുടെ യൂസർ ഫീ നൽകൽ 348/24 | തനത് ഫണ്ട് | 140000 | 7200 | -- |
| 3 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം 613/24 | തനത് ഫണ്ട്,CFC | 2049900 | 2049900 | -- |
| 4 | അജൈവ മാലിന്യങ്ങൾ കയറ്റി അയക്കൽ 354/24 | CFC | 335314 | 335314 | |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂട കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

1. ഹരിത കർമസേന പ്രവർത്തനത്തിന് പൂർണ്ണമായ കലണ്ടർ തയ്യാറാക്കേണ്ടതും നിശ്ചിത ഇടവേളക ഓരോ വാർഡുകളിലെയും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മിനി MCF, ബോട്ടിൽ ബ തുടങ്ങിയവയിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആവശ്യമെ മിനി MCF, ബോട്ടിൽ ബൂത്ത് തുടങ്ങിയവ സ്ഥാനം മാറ്റേണ്ടതും ഉപയോഗപ്പെടുത്താതെ കാടുമൂടി കിടം സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

2. യുസർ ഫീ കളക്ഷൻ ഊർജിതമാക്കാൻ സർക്കാർ നിർദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാവും വിധത്തിൽ ഹരിത മിത്രം ആപ്പ്/ക്യു കോഡ് സംവിധാനം പൂർണമായും പ്രവർത്തി പഥത്തിൽ എത്തിക്കേണ്ടതുമാണ്.

3. MCF കെട്ടിടം, ആയതിലേക്കുള്ള റോഡ്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയിലെ അപര്യ പരിഹരിക്കേണ്ടതും ആവശ്യമായ മെഷിനറികൾ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

4. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങൾക്കിടയിൽ മാലിന്യ സംസ്ക മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ ബോധവല്ക നടത്തുകയും വീടുകൾക്കും സ്ഥാപനങ്ങൾക്കും ഹരിത റാങ്കിംഗ് നടത്തി പ്രോത്സാഹനം നൽകു ചെയ്യേണ്ടതാണ്.

5. കാഷ് ബുക്ക് ഉൾപ്പെടെയുള്ള സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വര കാലികമാക്കി പരിപാലിക്കേണ്ടതും വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംഗ്രഹം (സ്റ്റ ശമ്പളം Etc.) ഇനം തിരിച്ചു രേഖപ്പെടുത്തേണ്ടതും ഇക്കാര്യത്തിലെ പുരോഗതി ബന്ധപ്പെട്ട ചാർജ് ഓഫ നിരീക്ഷണ വിധേയമാക്കേണ്ടതും യഥാസമങ്ങളിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

6. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.സ്ഥാപന-തൊഴിൽ നികുതി- അടവാക്കിയില്ല.**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അ ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യേ വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണു

പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയ കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | Blue Sand | രണ്ടാം അർദ്ധ വർഷം |
| 2 | Chathamkandathil | രണ്ടാം അർദ്ധ വർഷം |
| 3 | WMC Consumer Products International Private Limited | ഒന്നാം, രണ്ടാം അർദ്ധ വർഷം |

2.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരിൽ 2023-24 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ഈടാക്കിയതിന്റ് വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. (അസി.എൻജിനിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്)

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ബാലകൃഷ്ണൻ വി പി |
| 2 | മുഹമ്മദ് ഷരീഫ് |
| 3 | മുഹമ്മദ് അലി കെ കെ |
| 4 | നിധീഷ് പൂളക്കൽ |
| 5 | അബ്ദു സലാം പി സി |
| 6 | ഫസലുൽ ഫഖ് എം ഇ |
| 7 | അൻവർ മുനീർ |
| 8 | അബ്ദു സലാം എം |
| 9 | ജാഫർ കാവുങ്ങൽ |
| 10 | ജാസിദ് എം ഇ |
| 11 | വിജയൻ ഇ കെ |
| 12 | ഹാദിൽ അബ്ദു റഷീദ് |
| 13 | മുഹമ്മദ് അഷ്റഫ് എ വി |
| 14 | അബ്ദു റഹിമാൻ കെ |
| 15 | അബൂബക്കർ കെ |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻകച യറി നം. 34/23-24 Dtd 19.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-13 രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡി സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡി സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവി സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്ര പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്ര പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊ

കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാ

സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് 2023-24ൽ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാത്തതുമായി കാണുന്ന സ്വകാര്യ പാരാമെഡിക്കൽ /സ്വകാര്യ ആശുപത്രി സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം, ലൈസൻസി |
|---|---|
| 86 | R B ഹോമിയോകെയർ- ഡോ. റഫീദ കെ ടി |
| 141 | Peace ഹോമിയോ ക്ലിനിക്ക് - അമീന എം |
| 291 | ഡോ. അജയ് രാഘവൻ ഹോമിയോ ക്ലിനിക്ക് - ഡോ. അജയ് രാഘവൻ എ കെ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/18.12.24 ന് മറുപടിയിൽ ഡോക്ടറു പരിശോധ ന മാത്രമാണ് നടക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മറുപടി അംഗീകരിക്കാവുന്ന ഹോമിയോ ക്ലിനിക്കുകളെ സ്വകാര്യ ആശുപത്രികളായി പരിഗണിക്കേണ്ടതും, ചട്ട പ്രകാരമുള്ള ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതുമാണ്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴ നികുതിയും ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾ ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.8 ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്ര റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈ നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധി പ്രവർത്തിക്കുന്ന റേഷൻ കടകൾ (**അന്തിമ പദ്ധതി മാർഗരേഖ പ്രകാരം 8 റേഷൻക പ്രവർത്തിക്കുന്നു**) നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തെ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-76 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. എ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണു അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി. 29/2023-24/30.08.2 മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി.19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുക പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളു തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർ പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റിക പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

2023-24 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 3 യോഗങ്ങ ചേർന്നിട്ടുള്ളത്. (10.7.23,19.12.23,9.1.24)ഗ്രാമ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു

1 വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേരു വിവരം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിന്റെ ആദ്യ പേ രേഖപ്പെടുത്തിയിട്ടില്ല

2 വർക്കിംഗ് ഗ്രൂപ്പുകളിൽ കാര്യമായ ചർച്ചകൾ നടത്തുകയും പ്രൊജക്ടുകൾ വിലയിരുത്തു ചെയ്യുന്നില്ല.പല വർക്കിംഗ് ഗ്രൂപ്പുകളും പ്രൊജക്ടുകളുടെ പേര് മാത്രം എഴുതിയിരിക്കുന്നതാ കാണുവാൻ കഴിഞ്ഞത്.

3 വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് -(തിയതി 10.7.23,9.1.24)

ചെറുകിട വ്യവസായം വർക്കിംഗ് ഗ്രൂപ്പ്-(തിയതി 10.7.23)

ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ( തിയതി 10.7.23)

4 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

ബഹുഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളും ക്ലോസ് ചെയ്തിട്ടില്ല.

5 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധനക്ക് ഹാജരാക്കിയില്ല

ജൈവവൈവിധ്യ മാനേജ്മെന്റ് ,കാലാവസ്ഥാ വ്യതിയാനം,പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാര

8 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.നിർവഹണ ഉദ്യോഗ പ്രൊജക്ട് ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഹാജരാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 31 / 19.12.24 പ്ര ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പ് സംബ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ- അപാകതകൾ

സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ എന്ന Spill Over പ്രൊജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെയും 769 സ്ട്രീറ്റ് ലൈ യിലേക്ക് മാറ്റുന്നതിന് കെ എസ് ഇ ബിയുടെ സംയക്ത പരിശോധനയുടെ അടിസ്ഥാന തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കുകയാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റുന്നതിന് 5.4.2017 ലെ സ.ഉ(സാധാ) നം .1093/2017/തസ്വഭവ ഉത്തരവ് അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.02.2023 ലെ 4/1 തീരുമാനപ്രകാരം KREWS ന്റെ അനു സ്ഥാപനമായ KGL നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|---|
| സ്ട്രീറ്റ് ലൈറ്റ് LED യിലേക്ക് മാറ്റൽ (പ്രൊജക്ട് നമ്പർ 202/24) | 2000000 തനത് ഫണ്ട് | KREWS/D09/23-24 Dtd 31.05.2023 Rs 1863312 | 1048638 | 22300286/9.07.23 RS-4048<br>22300250/30.06.23 RS-44590<br>22301021/29.02.24 RS-1000000 |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് 29.03.2023 ന് ഗ്രാമപഞ്ചായത്ത് KREWSമായി കരാറിൽ ഏർപ്പെട്ടിട്ടു

പദ്ധതിയുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണു
1) സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3 /2011/തസ്വഭവ തി. 15.
പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പാലിച്ചതായി കാണുന്നില്ല.

A. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്ത സംയുക്ത പരിശോധനാ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്ങിലും ഓരോ വാർഡിലും സ്ഥാപിച്ച ലൈറ്റുക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

B. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് ര സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാറണ്ടി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തു മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, വിവിധ വാർഡുക സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം നടത്തിയിട്ടില്ല സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഓരോ വാർഡിലും മെമ്പർമാരുടെ അപേക്ഷ അടിസ്ഥാനത്തിലുള്ള മുഴുവൻ ലൈറ്റുകളും LEDയിലേക്ക് മാറ്റിയിട്ടില്ല എന്നും 15.03.2023 ലെ 8/1 തീരുമാനപ്രകാരമുള്ള 769 ലൈറ്റുകളാണ് LED യിലേക്ക് മാറ്റിയിട്ടുള്ളത് എന്നും വാറണ്ടി വിവര എഗ്രിമെന്റിൽ ചേർത്തിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്, LEDയിലേക്ക് മാറ്റേണ്ട ലൈ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കേണ്ടതും വാറണ്ടി വിവരങ്ങൾ ഉൾപ്പെടുത്തി തെ വിളക്ക് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തൽ വരുത്തി രജിസ്റ്റർ പരിശോധന ലഭ്യമാക്കേണ്ടതുമാണ്.

C. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തി കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയേ്ക്കണ്ടതാണ്.(പ്രവർത്തന രഹി തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽക്കുന്ന ആളിന്റെ പേരും ഫോൺ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ്

വിവരങ്ങളടങ്ങിയ രജിസ്റ്റർ ).എന്നാൽ മേൽ പ്രോജക്ടിൽ ആയത് പാലിച്ചതിന്റെ വിവരം ലഭ്യമല്ല സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പഴയ ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് എന്നും 26.12.23 ലെ ഭരണസമിതിയുടെ 11ാം നമ്പർ തീരുമാനപ്രകാരം ലേലം ചെയ്യാൻ തീരുമാനിച്ച് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതും ലൈറ്റുകൾ ലേലം ചെയ്തതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതും രജിസ്റ്റർ അൺസർവ്വീസബിൾ ഐറ്റംസ്, ഒരു മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതുമാണ്.

2. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദേശമുള്ളതാണ്. ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്ന കംപ്ലയിന്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി പരാതികൾ രേഖപ്പെടുത്തുന്നതിന് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് മ ലഭ്യമാക്കിയിട്ടുണ്ട്. കംപ്ലയിന്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

4.കരാർ പ്രകാരം വിതരണം ചെയ്ത തിയതി മുതൽ 24 മാസമാണ് വാറണ്ടി കാലാവധി എന്നും വാ കാലാവധിക്കുള്ളിൽ കേടുപാടു സംഭവിക്കുന്ന പക്ഷം പഞ്ചായത്തിന്റെ രേഖാമൂലമുള്ള അറിയിപ്പ് 25 ദിവസത്തിനകം പരാതി പരിഹരിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. LED യിലേക്ക് മാറ്റി ത്തോളം ലൈറ്റുകളും പ്രവർത്തനരഹിതമായിട്ടുണ്ടെന്നും ആയത് പ്രവർത്തനക്ഷമമാക്കുന്നതിന് ന സ്വീകരിക്കണമെന്നും സെക്രട്ടറി 19.03.24ലെ എസ്2-5151/24 നമ്പർ കത്ത് പ്രകാരം അഡ്മിനിസ് ഓഫീസർ ക്രൂസിനെ അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല. ഓ എൻക്വയറിക്ക് മറുപടിയായി 2024 മേയ് മാസത്തിൽ KREWS ലൈറ്റുകൾ സർവ്വീസ് ചെയ്തിട്ടുണ്ട് ആയത് മെയിന്റനൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പിന്നീട് KREWSനെ രേഖാമൂ ഫോൺ മുഖേനയും അറിയിച്ചെങ്കിലും KREWSന്റെ സേവനം ലഭ്യമായിട്ടില്ല എന്നറിയിച്ചി മെയിന്റനൻസ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതും തുടർ നടപടി വി അറിയിക്കേണ്ടതുമാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 23/17.12.24)

## 1-17 അനധികൃത നിർമ്മാണങ്ങൾ-UA നമ്പർ നൽകുകയോ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എ.എ വകപ്പ് പ്രകാരം ഏതെങ്കിലും ആൾ ക നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ, കെട്ടിടം പൂർത്തിയാവുകയോ അത് 203ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ആവശ്യ ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊ മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടമായിരുന്നെ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തു ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. കെട്ടിടങ്ങൾക്ക് ഏതെങ്കിലും മാറ്റങ്ങൾ വരുത്തു അവയിൽ എന്തെങ്കിലും കൂട്ടിച്ചേർത്ത് പണിയുകയോ ചെയ്യുന്നതും നിയമാനുസൃതമ നിർമ്മിതികളിൽ വരുന്നതാണെന്ന് വകുപ്പ് 235 വി പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേ എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രധാന ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

. 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ ന വിവരങ്ങൾ ഫോം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

. ചട്ടം 20(2) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ "യു.എ." എന്ന് ചേർത്ത് അനധി നിർമ്മാണത്തിന്റെ വർഷം കൂടി ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്.

. ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെ 235ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിന വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിന ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

മേൽ നിയമങ്ങൾക്കും ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കുമനുസരിച്ച് പഞ്ചായത്തിലെ അനധി നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വി UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എ ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും UA കെട്ടിട നമ്പർ ചേർത്തുള്ള രജിസ്റ്ററോ അനുബന്ധ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ പ്രകാരവും നിലവിൽ UA നമ്പർ അനുവദിച്ച കെട്ടിടം ഇല്ല.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഫയലുകൾ പരിശോധിച്ചതിന് ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയുടെയും അടിസ്ഥാനത്തിൽ നിരവധി അനധി നിർമ്മാണങ്ങളും ഇത്തരം നിർമ്മാണങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അനധികൃത നിർമ്മാണ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയത് പ്രകാരമുള്ള

ഓഡിറ്റ് നടത്തുകയോ പരിശോധന നടത്തുകയോ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ തന്നെ കെട്ടിടങ്ങളുടെ നിർമ്മാണ ശേഷം, ചട്ടപ്ര കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗ് സ്ഥലങ്ങളിലും തുറസായ സ്ഥലങ്ങളിലും അനധി നിർമ്മാണങ്ങൾ നടക്കുന്നത് നിരവധിയാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധയിൽപെടുത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച പരാമർശ വിവരങ്ങൾ ചു പട്ടികയിൽ ചേർക്കുന്നു.

| ക്രമനം | അനധികൃത നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക പരാമർശം ചുരുക്കത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 2018-19, 1-13: പഞ്ചായത്ത് പ്രദേശത്ത് ഓഡിറ്റോറിയം കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു | ഈ ഓഡിറ്റ് പരാമർശങ്ങളിലൂടെ KPBR ലംഘ അനധികൃത നിർമ്മാണങ്ങൾ ഉള്ളതായി ഓ ചൂണ്ടി കാണിച്ചിട്ടും നാളിതു ഗ്രാമപഞ്ചായത്ത് ടി കെട്ടിട നിയമവിധേയമാക്കുകയോ UA നമ്പർ ന 235എ.എ വകുപ്പ് പ്രകാരമുള്ള നി ഈടാക്കുകയോ ഇത്തരം നിയമ ലംഘന കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്ന |
| 2 | 2018-19, 1-12:കെട്ടിട നിർമ്മാണം - പൊതു അപാകതകൾ | |
| 3 | 2020-21, 1-15: ആവശ്യമായ ഡ്രൈവ് വേ ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി. | |
| 4 | 2020-21, 1-16: അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു. | |
| 5 | 2021-22, 1-15: അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | |
| 6 | 2022-23, 1-14: അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | |
| 7 | 2022-23, 1-17: സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - നടപടി സ്വീകരിച്ചിട്ടില്ല | |
| 8 | 2022-23, 1-18: അനധികൃ കെട്ടിടങ്ങൾ - പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചില്ല. | |

UA നമ്പർ/പ്രത്യേക നമ്പർ നൽകുന്നതിനുണ്ടാകുന്ന ഏതൊരു കാലതാമസവും മുൻ പ്രാബല്യത്തോടെ, 235എ.എ വകുപ്പ് പ്രകാരമുള്ള വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല 235എ.എ(3) വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166, ഉപവകുപ്പ് 1, പട്ട എ പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ഒന്നാമത്തെ അനി ചുമതലയാണ്.

ആയതിനാൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീക നടപടികൾസംബന്ധിച്ച് ചുവടെ ചേർത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) മേൽ പട്ടികയിൽ ഓഡിറ്റ് പരാമർശിച്ച കെട്ടിടങ്ങളിന്മേൽ ചട്ടപ്രകാരമുള്ള നടപ സ്വീകരിച്ചിട്ടുണ്ടെങ്കിൽ/ ടി കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് ചട്ടപ്രകാരമുള്ള വസ്തു നികുതി മുൻ പ്രാബല്യത്തോടെ ഈടാക്കുന്നതിനോ കെട്ടടിങ്ങൾ നിയമവിധേയമാക്കുന്നതിനോ ഉള്ള നടപ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതും അല്ലാത്ത പ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2) ഗ്രാമപഞ്ചായത്തിൽ നിരവധി കെട്ടിടങ്ങളിലും അല്ലാതെയുമായി അനധികൃത നിർമ്മാണ നടന്നിട്ടുണ്ടെന്ന് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനകളിലും മറ്റുമായി ബോധ്യപ്പെട്ടിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തിയതോ നോട്ടീസ് നൽകിയ ആയി ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടത അപാകത സൂചിപ്പിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.03/2023-24/06.12.2024ന് മറ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണവും നടപടി വിവരങ്ങളും ലഭ്യമാക്കേണ്ട അപാകതകൾ സൂചിപ്പിച്ചിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതും മറ്റും ബന്ധ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-18 വിവിധ അനധികൃത നിർമ്മാണങ്ങൾ-നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 ഓഡിറ്റ്, വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി മൊബൈൽ ടവറുകൾ, ടർഫ വാണിജ്യ കെട്ടിടങ്ങൾ, വിദ്യഭ്യാസ കെട്ടിടങ്ങൾ എന്നിവയുടെ വസ്തു നികുതി നിർണ്ണയം, 20 വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരമുള്ള പുതുക്കി നിർണ്ണയം എന്നിവ പരിശോ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തുന്നതിന് വിവിധ സർ ഉത്തരവുകൾ/സർക്കുലറുകൾ, KPBR ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള യാതൊരു നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായോ സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ അനധി

നിർമ്മാണങ്ങൾക്ക് നികുതി ചുമത്തിയതായോ UA നമ്പർ അനുവദിച്ചതായോ ഇല്ല. കേരള പഞ്ചായത്ത് നിയമം വകുപ്പ് 166, ഒന്നാം ഉപവകുപ്പ്, പട്ടിക 3 പ്രകാരം കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുക ഗ്രാമപഞ്ചായത്തുകളുടെ ഒന്നാമതായുള്ള അനിവാര്യ ചുമതലയാണ്.

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവര ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ/UA നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവര ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 3/2023-24/06.12.2024 നൽകിയെ ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചില കെട്ടിടങ്ങളുടെ സൈറ്റുകൾ ഓ ഗ്രാമപഞ്ചായത്ത് ക്ലർക്ക്, ഓവർസിയർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ 19.12.2024ന് പരിശോധിച്ചു. പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ/ വിശദാംശ ചുവടെ ചേർക്കുന്നു.

**1) ടെലഫോൺ ടവറുകൾ**

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2014-15 മുതൽ 2023-24 വരെ ഗ്രാമപഞ്ചായത്ത് പെർമ അപേക്ഷിച്ച വാർത്താ വിനിമയ ഗോപുരങ്ങളിൽ നമ്പർ അനുവദിച്ചതും, പെർമിറ്റ് അനുവദിച്ചുവെ നാളിതുവരെ നമ്പർ അനുവദിക്കാത്തതും, ചില അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ഉണ്ട്. ഇത്തരം ടെലഫോൺ ടവറുകളുടെ സൈറ്റ് പരിശോധ പ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവാർഡ് നം, അപേക്ഷകന്റെ/ കമ്പനി പേര് | പെർമിറ്റ് നം, സർവ്വേ നം, തൊട്ടടുത്ത കെട്ടിട നമ്പർ. | സഞ്ചയ/ഫയൽ/സൈറ്റ് പരിശോധന അടിസ്ഥാനത്തിലുള്ള കുറിപ്പ് |
|---|---|---|---|
| 1 | A7/2261/16/20.02.16 ഇൻഡസ് ടവേഴ്സ് കൊച്ചി. | 90/15-16/09.03.16, S.No. BL 30/R.S 01/237 | പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും നാളിതു നമ്പർ അനുവദിക്കുകയോ നികുതി ഈടാക്കുക ചെയ്തിട്ടില്ല. **ഓഡിറ്റ് പരിശോധനക്കായി ഫ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഫ ഹാജരാക്കിയിട്ടില്ല.** |
| 2 | 3945/17/08.09.17 റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | S1-3945/17/14.11.17 S.No. 28/352/13, 28/371/7 | പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും നാളിതു നമ്പർ അനുവദിക്കുകയോ നികുതി ഈടാക്കുക ചെയ്തിട്ടില്ല. **ഫയൽ ലഭ്യമാക്കിയത് പ്രകാരം സൈ പരിശോധന നടത്തിയതിൽ ഈ ടവർ നിർമ്മാ പൂർത്തീകരിച്ച് പ്രവർത്തിച്ച് വരുന്നത കണ്ടെത്തി.** |
| 3 | 3946/17/08.09.17 റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | S1-3946/17 S.No. 28/80/2 | പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും നാളിതു നമ്പർ അനുവദിക്കുകയോ നികുതി ഈടാക്കുക ചെയ്തിട്ടില്ല. **ഫയൽ ലഭ്യമാക്കിയത് പ്രകാരം സൈ പരിശോധന നടത്തിയതിൽ , ഇതേ സർവ്വേ ന സ്ഥലത്ത് സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്ര കമ്പനിയുടെ ടവറിന്2024ൽ 07/179B ന അനുവദിച്ചതിന്റെ തൊട്ടടുത്തായി ഈ ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്ത വരുന്നതായി കണ്ടെത്തി.** |
| 4 | 5353/19 റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | പെർമിറ്റ് രേഖപ്പെടുത്തിയിട്ടില്ല BL 30/301/4 | നാളിതുവരെ പെർമിറ്റ് അനുവദിക്കുക നിരസിക്കുകയോ നമ്പർ അനുവദിച്ച് നിക ഈടാക്കുകയോ ചെയ്തതായി രജിസ്റ്ററിൽ വിവരം **ഓഡിറ്റ് പരിശോധനക്കായി ഫ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഫ ഹാജരാക്കിയിട്ടില്ല.** |
| 5 | A7/4947/21.11.15 ഇൻഡസ് ടവേഴ്സ് കൊച്ചി. | 84/15-16/18.02.16, S.No. BL 29/R.S 203/2 | പെർമിറ്റ് അനുവദിച്ച് വർഷങ്ങളായിട്ടും നാളിതു നമ്പർ അനുവദിക്കുകയോ നികുതി ഈടാക്കുക ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയ **സഞ്ചയയിൽ പെർമിറ്റ് വിവരവും സർവ്വേ നമ്പ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 2015ൽ ന അനുവദിച്ച 1/387-B നമ്പർ ടവർ ആണോ ഇത് എ സൈറ്റ് പരിശോധന നടത്തി ഉ വരുത്താനായിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വി ലഭ്യമാക്കേണ്ടതാണ്.** |

മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈ നടത്തുവാനും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുവാനും സർക്കുലർ നം. 40395/ആർ.സി ത.സ്വ.ഭ.വ തിയതി. 19.10.2014 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർ നൽകിയിരുന്നതാണ്. എന്നാൽ ആയത് പാലിക്കുകയോ മൊബൈൽ ടവറുകളുടെ അനധി

നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത്‌രാജ് ആക്ട് / കെ.പി.ബി.ആർ പ്രകാരമുള്ള നടപ
സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**<u>2) വാണിജ്യ കെട്ടിടങ്ങൾ</u>**

2 വാണിജ്യ കെട്ടിടങ്ങളുടെ സൈറ്റ് പരിശോധിച്ചത് പ്രകാരമുള്ള അനധികൃത നിർമ്മാണ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം- ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകത |
|---|---|---|
| 1 | S3-BA(717)/2023/03.01.2023, ശ്രീമതി. സുലൈഖ ബീഗം പാലാട്ടിൽ W/O അലവി മുഹമ്മദ്, സുഹൈല D/O അലവി മുഹമ്മദ്, ഷിഫാന D/O അലവി മുഹമ്മദ്, മഞ്ചേരി, നെല്ലിക്കുത്ത് പി.ഒ<br>4/456 D (339.3m2) താഴത്തെ നില, E (121.33m2), F(121.33m2) G(121.33m2) എല്ലാം ഒന്നാം നില, ആകെ 703.23ച.മീ. വിസ്തീർണ്ണം വാണിജ്യാവശ്യത്തിനുള്ള 100ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ ഗണം(Rs. 50രൂപ/ ച.മീ) + 4/456 H(91m2), J (91m2), K (91m2) L (91m2) എല്ലാം രണ്ടാം നില, ആകെ 364 ച.മീ പാർപ്പിടം-റസിഡൻഷ്യൽ ഫ്ലാറ്റ് (Rs. 3 രൂപ/ച.മീ).<br>Plot Area: 597ച.മീവിസ്തീർണ്ണം, Coverage – 60.97<br>FSI- 1.26<br>പാർക്കിംഗ് - 6 കാർ പാർക്കിംഗ് താഴത്തെ നിലയിലും(നടുവിലൂടെ 3.95m പാസ്സേജ് നൽകി രണ്ട് സൈഡിലും 3 വീതം)+ കെട്ടിടത്തിന്റെ മുൻവശത്തെ സെറ്റ്ബാക്ക് എരിയയിൽ മെയിൻ റോഡിനോട് ചേർന്ന് 3 എണ്ണം.<br>ആകെ 9 കാർ പാർക്കിംഗ്. | 1) കെട്ടിടത്തിൽ പൂർണ്ണമായും ബ്ലൂമൂൺ പേരിലുള്ള, ഒരു ആശുപത്രി നിലവിൽ പ്രവർ വരുന്നുണ്ട്.<br>2) ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗ ഫ്ലോട്ടിൽ നിലവിൽ ലഭ്യമല്ല. പ്ലാ രേഖപ്പെടുത്തിയ ഗ്രൗണ്ട് ഫ്ലോറിലെ ആറ് പാർക്കിംഗ് സ്ഥലം നിലവിൽ അനധികൃത ഫ്ലോർ ആക്കി ആശുപത്രി ആവശ്യ ഉപയോഗിക്കുന്നതിന് ചുമരും ഗ്ലാസും സ്ഥാ വാഹനങ്ങൾക്ക് പ്രവേശിക്കാനാവാത്ത തറയുൾപ്പടെയുള്ള കഷ്വാലിറ്റി/റിസപ്ഷൻ/ ആക്കി മാറ്റിയിട്ടുണ്ട്.<br>3) ഏകദേശം 208 ച.മീ വിസ്തീർണ്ണ കെട്ടിടത്തിൽ മൂന്നാം നില അനധികൃത നിർമ്മിച്ചിട്ടുണ്ട്.<br>4) മൂന്നാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണ ച.മീ. ആവും ആയത് പ്രകാരം ആശു ഗണത്തിൽ കാർ പാർക്കിംഗ് സൗകര്യ ചട്ടപ്രകാരമുള്ള മറ്റ് സൗകര്യങ്ങളും ഒരുക്കണം.<br>5) 1000ച.മീ-ന് മുകളിൽ വിസ്തീർണ്ണമുള്ളതി കെട്ടിടത്തിന് Fire NOC/സജ്ജീകരണ ആവശ്യമാണ് ആയത് ഇല്ല.<br>6) കെട്ടിടം നിൽമ്മാണം പൂർത്തീകരിച്ച ശേ നിരവധി അനധികൃത മാറ്റങ്ങൾ/നിർമ്മാണ കെട്ടിടത്തിൽ നടത്തിയിട്ടുള്ളതി കെട്ടിടത്തിന്റെ FSI. Coverage ഉൾപ്പടെ ചട്ടപ്രകാരമുള്ള നിയന്ത്രണങ്ങളിലും വരുന്നതാണ്. ആയതും പരിശോധിക്കേണ്ടതുണ്ട് |
| 2 | S3-BA(122814)/2023 Dtd. 29.03.2023-വാണിജ്യ കെട്ടിടം. ശ്രീ. ഗിരീഷ് കുമാർ,<br>1/445 C (120ച.മീ താഴത്തെ നില)(**കുറിപ്പ്: വാർഡ് നമ്പർ 2 എന്നത് തെറ്റായി 1 എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയതായി കാണുന്നു-അപാകത പരിഹരിക്കേണ്ടതാണ്**), 2/445 D (134.56ച.മീ ഒന്നാം നില) വാണിജ്യാവശ്യത്തിനുള്ള 100ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ ഗണം(Rs. 75രൂപ/ച.മീ).<br>ആകെ 254ച.മീ<br>Plot Area: 513ച.മീവിസ്തീർണ്ണം, Coverage – 23.3<br>FSI- 0.49<br>കെട്ടിടത്തിന് 3 കാർ പാർക്കിഗ്, ബൈക്ക് പാർക്കിംഗ് സൗകര്യം, ബേസ്മെന്റ് ഫ്ലോറിൽ ആണ് ഒരുക്കിയിരിക്കുന്നത്. | കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് മുൻവ അരീക്കോട്-മഞ്ചേരി റോഡ്, ചെറിയ എന്നിവയോട് ചേർന്ന് 23 മീറ്റർ നീളത്തിലും മുതൽ 4.24 മീറ്റർ വരെ വീതിയിൽ ഉണ്ടായി KPBRചട്ടപ്രകാരം കെട്ടിടത്തിന് റോഡിൽ നി നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഉൾപ്പടെയുള്ള സ്ഥലം താഴത്തെ നിലയിലും ഒ നിലയിലും ഫ്ലോർ ആക്കി ഇരുമ്പ് ഷീറ്റ്, എന്നിവ ഉപയോഗിച്ച് കടമുറിയാക്കി മാറ്റിയിട്ടു<br>മേൽ നിർമ്മാണം കാരണം കെട്ടിടം അനധി കെട്ടിടമായി മാറുന്നതാണ്.<br>2/445C കെട്ടിട നമ്പറിൽ സാനിയോ ടൈൽസ് സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് ലൈസ അനുവദിച്ചതായുണ്ട്. |

മേൽ അനധികൃത നിർമ്മാണങ്ങൾ കാരണം രണ്ട് കെട്ടിടങ്ങൾക്കും അനധികൃത കെട്ടിട നൽകുന്ന UA നമ്പർ നൽകി ചട്ടപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് ബാധകമാകുന്ന നികുതി ചു ആയതിൽ ലൈസൻസ് നൽകിയിട്ടുള്ള/പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ്

ചെയ്യേണ്ടതായി വരുന്നതാണ്. പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന് വരുത്താൻ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകു അപേക്ഷകന് നൽകേണ്ടതാണ് എന്ന് സർക്കുലർ നം. ആർ.എ 1/20/2018-ത.സ്വ.ഭ.വ തിയതി. 04.0 പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ആയത് ഗ്രാമപഞ്ചായത്ത് പാലിക്കുന്നതായുള്ള വിവരം ഇല്ല.

**3) ടർഫുകൾ, ജിംനേഷ്യം**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 3 എണ്ണം ടർഫുകൾ (ഒന്ന് ജിം ഉൾപ്പടെ) കെട്ടിടങ്ങൾ/സ്ഥാപന അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടർഫ് പ്രവർത്തിക്കുന്ന സ്ഥലം, വാർഡ് | പരിശോധനയിലെ കണ്ടെത്തൽ/കുറിപ്പ് |
|---|---|---|
| 1 | വടശ്ശേരി, വാർഡ് 9 | സ്പോർട്സ് സിറ്റി എന്ന പേരിൽ ഏകദേശം 2400 വിസ്തീർണ്ണമുള്ള, ഷീറ്റ് മേൽകൂരയുള്ള ടർഫും ടി കോംപൗ തന്നെ മൂന്ന് കെട്ടിടങ്ങളും അനധികൃതമായി നിർമ്മിച്ച കണ്ടെത്തി.<br>മൂന്ന് നിലകളുള്ള ആദ്യ കെട്ടിടത്തിൽ കോൺഫറൻസ് ജിംനേഷ്യം, കരാട്ടേ സ്കൂൾ എന്നിവയും, രണ്ട് നിലക രണ്ടാമത്തെ കെട്ടിടത്തിൽ ഓഫീസും , മുന്നിൽ റോഡി ചേർന്ന് കടകൾ പ്രവർത്തിക്കുന്ന കെട്ടിടം.<br>ടർഫ് നിലനിൽക്കുന്ന സ്ഥലത്തിന് രണ്ട് വശവും വാഴ മറ്റുമുള്ള നിലം ഭൂമിയായാണ് കാണപ്പെടുന്നത് എന്നതിനാ സ്ഥലം നിലം ഭൂമിയാണോ എന്നത് പരിശോധിക്കേണ്ടതുണ്ട്. |
| 2 | എളയൂർ പാറമ്മൽ, മൽജഉൽ ഐത്താം യത്തീഖാന ഗേറ്റിന് മുൻവശം-വാർഡ് 15 | അനധികൃതമായി നിർമ്മിച്ച ടർഫ് പ്രവർത്തിക്കുന്ന കണ്ടെത്തി. |
| 3 | ചെങ്ങര അങ്ങാടിക്ക് സമീപം, വാർഡ്- 16 | അനധികൃതമായി നിർമ്മിച്ച ടർഫും സമീപത്തായി ചെ കെട്ടിടവും കണ്ടെത്തി. |

മേൽ ടർഫുകൾക്കും അനുബന്ധിച്ചുള്ള കെട്ടിടങ്ങൾക്കും അനധികൃത നിർമ്മാണങ്ങൾക്ക് നൽകു നമ്പർ നൽകി ചട്ടപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് ബാധകമാകുന്ന നികുതി ചുമത്തി, ആയ ലൈസൻസ് നൽകിയിട്ടുള്ള/പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ട വരുന്നതാണ്.

**4) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണങ്ങൾ.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്ത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ പരിശോധിച്ചത് പ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ/സ്ഥാപനം | നിലവിൽ ഗ്രാമപഞ്ചായത്ത് സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ (കെട്ടിട നമ്പർ, വിസ്തീർണ്ണം, നില, ഉടമ) | പരിശോധനയിലെ കണ്ടെത്തൽ/ കുറ |
|---|---|---|---|
| 1 | പ്രസിഡണ്ട്-കാവനൂർ മജ്മഅ് മലബാർ അൽ ഇസ്ലാമി-മജ്മഅ് സ്കൂൾ / ആർട്ട്സ് കോളേജ് / ട്രൈനിംഗ് കോളേജ്,<br>PMS Hyderal Shihab Thangal സ്കൂൾ<br>(ഇവ രണ്ടും ഒരു സ്ഥാപനത്തിന്റേതാണ്) | 5/396 A, 1180 ച.മീ (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിങ്ങനെ രണ്ട് നിലകളിലായി). Majmau.<br>5/392 – 110 ച.മീ. (GF) PMSHST<br>5/394 – 980 ച.മീ. (GF) PMSHST<br>5/395 – 619.2ച.മീ (GF) PMSHST<br>5/396- 774 ച.മീ (193.5ച.മീ വീതമുള്ള നാല് നിലകൾ) PMSHST | നിലവിൽ സ്ഥാപനത്തിൽ ആരാധനാ കൂടാതെ ചുവടെ ചേർത്ത കെട്ടിടങ്ങളുണ്ട്.<br>1) 4 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം)<br>2) 4 നില കെട്ടിടം(ഓരോ നിലയ അഞ്ച് ക്ലാസ് മുറികൾ വീതം).<br>3) 3 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം)<br>4) 3 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം)<br>5) 2 നില കെട്ടിടം(കാന്റീൻ കെട്ടിടം)<br>6) 2 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം)<br>7) 1 നില കെട്ടിടം(ട്രയാങ്കിൾ ഷേപ്പ്)<br>8) 1 നില കെട്ടിടം(രണ്ട് ക്ലാസ് മുറികൾ<br>9) 1 നില കെട്ടിടം(സ്ക്വയർ ഷേപ്പ്)<br>10) ക്രമ നം.2, 3 എന്നിവക്കിട നിർമ്മാണം നടന്ന് വരുന്ന ഇരു |

| | | | |
|---|---|---|---|
| | | | കെട്ടിടം.<br>നിരവധി അനധികൃത നിർമ്മാണ<br>നടന്നിട്ടുണ്ട്. |
| | പ്രസിഡണ്ട്-മൽജഉൽ ഐത്താം ഓർഫനേജ്-MAO ആർട്സ്&സയൻസ് കോളേജ് | 17/423 A, 1054 ച.മീ (ഗ്രൗണ്ട് ഫ്ലോർ മാത്രമായി) | നാല് നിലകളിലായി, ഓരോ നിലകള 11 വീതം ക്ലാസ് മുറികള കെട്ടിടത്തിലാണ് കോ പ്രവർത്തിക്കുന്നത്.<br>17/423 A കെട്ടിടത്തിന് മുകളിൽ ഒ അധിലധികമോ നിലകൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. |
| | ചെയർമാൻ അരീക്കോട് എജുക്കേഷൻ ട്രസ്റ്റ് -മൈസസ് പബ്ലിക് സ്കൂൾ | 6/404 K, 1311 ച.മീ (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിങ്ങനെ രണ്ട് നിലകളിലായി) | നിലവിൽ സ്ഥാപനത്തിൽ ന അനുവദിക്കപ്പെട്ട 6/404K കെട്ടിടം കൂട ചുവടെ ചേർത്ത കെട്ടിടങ്ങളുണ്ട്.<br>1) 1 നില കെട്ടിടം (നാല് ക്ലാസ് മുറ -ഷീറ്റ് മേൽകൂര)<br>2) 2 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം, സ്റ്റാഫ് കോൺക്രീറ്റ് മേൽകൂര).<br>3) 2 നില കെട്ടിടം(ഓരോ നിലയിലും ക്ലാസ് മുറികൾ വീതം-ഒന്നാം നില മേൽകൂര) |

മേൽ വിദ്യഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾക്ക്/കെട്ടിടങ്ങൾക്ക്, അ ക്രമവൽക്കരിക്കുന്നത് വരെ അനധികൃത കെട്ടിടങ്ങൾക്ക് നൽകുന്ന UA നമ്പർ നൽകി ചട്ടപ്ര അനധികൃത കെട്ടിടങ്ങൾക്ക് ബാധകമാകുന്ന നികുതി ചുമത്തേണ്ടതായി വരുന്നതാണ്.

ടർഫുകളുടെയും കെട്ടിടങ്ങളുടെയും കൃത്യമായ അളവെടുത്ത് വിസ്തീർണ്ണവും മറ്റും കണക്കാക്കുന്ന സമയപരിമിതി മൂലം ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്ക നടപടികൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 ലും, നിയമാനുസൃതമല്ലാതെ നിർമ്മിക്ക കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് കേരള പഞ്ചായത്ത് രാജ് ( നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 എന്നിവയ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് ചുവടെ ചേ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) ക്രമ നം.1 ലെ പട്ടികയിലെ, ക്രമ നം. 2,3 എന്നീ ടവറുകൾ എന്ന് മുതലാണ് പ്രവർത്തനക്ഷമമായത് എ പരിശോധിച്ച് ആയവ നിശ്ചിത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് പ്രവർത്തനക്ഷമമായത് മുത ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) ക്രമ നം.1 ലെ പട്ടികയിലെ, ക്രമ നം. 1, 4 എന്നീ മൊബൈൽ ടവറുകളുടെ സൈറ്റ് പരിശോധന ന അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട്/രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ട

3) ക്രമ നം.2 ലെ പട്ടികയിലെ, ക്രമ നം. 1, 2 എന്നീ കെട്ടിടങ്ങളിലെ അനധികൃത കെട്ടിടങ്ങൾക്ക് നൽ UA നമ്പർ നൽകി ചട്ടപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് ബാധകമാകുന്ന നികുതി (അധി നിർമ്മാണമായിരുന്നെങ്കിൽ ചുമത്താമായിരുന്ന നികുതിയും ആയതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള ചുമത്തുകയും, രണ്ട് കെട്ടിടങ്ങളിലും ലൈസൻസ് നൽകിയിട്ടുള്ള/പ്രവർത്തിക്കുന്ന സ്ഥാപനങ്ങ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുകയോ പെ കളയുകയോ, കേരള പഞ്ചായത്ത് ബിൽഡിംഗ്(റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്ര റൂൾസ് 2018 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

4) ക്രമ നം.3 ലെ പട്ടികയിലെ, ക്രമ നം. 1, 2, 3 എന്നീ അനധികൃത ടർഫുകളും കെട്ടിട നിർമ്മാണ ആയവ നിലം ഭൂമിയിലാണോ എന്നതുൾപ്പടെയുള്ള വിവരങ്ങൾ പരിശോധിച്ച് ടർഫുകളു കെട്ടിടങ്ങളുടെയും കൃത്യമായ വിസ്തീർണ്ണവും മറ്റും കണക്കാക്കി ചട്ടപ്രകാരമുള്ള നടപടികൾ സ്വീ ആയവ ക്രമവൽക്കരിക്കുകയോ പൊളിച്ചു കളയുകയോ ചെയ്യുന്നത് വരെ UA നമ്പർ നൽകി അനധി നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തുകയും , അനധികൃത നിർമ്മാണ ക്രമവൽക്കരിക്കുകയോ പൊളിച്ച് കളയുകയോ, കേരള പഞ്ചായത്ത് ബിൽഡിംഗ്(റഗുലറൈസേഷൻ അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് 2018 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് വി ലഭ്യമാക്കേണ്ടതുമാണ്.

5) ക്രമ നം.4 ലെ പട്ടികയിലെ, ക്രമ നം. 1, 2, 3 എന്നീ വിദ്യഭ്യാസ സ്ഥാപനങ്ങളിലെ അനധി നിർമ്മാണങ്ങൾ പരിശോധിച്ച് കെട്ടിടങ്ങളുടെ കൃത്യമായ വിസ്തീർണ്ണവും മറ്റും കണക്ക ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയവ ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ ന അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തുകയും ചെയ്ത് വി ലഭ്യമാക്കേണ്ടതാണ്.

(അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 37/2023-24/20.12.2024ന് മ
ലഭ്യമാക്കിയിട്ടില്ല.)

## 1-19 കെട്ടിടങ്ങൾക്ക് പൂർണ്ണമായും പരിഷ്കരിച്ച നിരക്കിൽ നികുതി ചുമത്തുന്നില്ല

സർക്കാർ ഉത്തരവ്(അച്ചടി) നം. 25/2023/LSGD തിയതി. 05.04.2023, സർക്കർ ഉത്തരവ്(കൈ) നം. 77/2023 തിയതി. 22.03.2023, കാവനൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അ വിജ്ഞാപനം നം. S3-3078/23/03.07.2023 എന്നിവ പ്രകാരമുള്ള പുതുക്കിയ അടിസ്ഥാന വസ്തു നി നിരക്കുകൾ01.04.2023 തിയതി മുതൽ ഗ്രാമപഞ്ചായത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

നികുതി നിരക്കുകൾ പുതുക്കി നിർണ്ണയിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ 2023 മാർച്ച് . ഏ മാസങ്ങളിൽ തന്നെ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ2023ലെ വസ്തു നി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചത് 03.07.2023ന് ആണ്. 01.04.20 ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം ഇറങ്ങുന്നതിനുമിടക്കുള്ള കാലയള ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിരുന്ന നമ്പറിംഗ് അപേക്ഷകളിൽ പഴയ നിരക്കിൽ തന്നെയായി നികുതി നിർണ്ണയിച്ച് നൽകിയിരുന്നത്. പിന്നീട് അന്തിമ വിജ്ഞാപനത്തിന് ശേഷം ഇവ പുതു നികുതി നിരക്കുകൾ ബാധകമാക്കി സഞ്ചയയിൽ മാറ്റം വരുത്തി ഡിമാന്റ് ചെയ്യേണ്ടതു ഇത്തരത്തിൽ പല കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് സഞ്ചയ പുതുക്കിയിട്ടുണ്ടെങ്കിലും, 01.04.2023ന് ശേഷം ഗ്രാമപഞ്ചായത്തിൽ നമ്പറിംഗിന് അപേ സമർപ്പിച്ചതായുള്ള നിരവധി കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ പഴയ നിരക്കിൽ തുടരുന്നതായിട്ടുണ്ട്. മാത്രമല്ല, അന്തിമ വിജ്ഞാപനത്തിന് ശേഷം ലഭ്യമായ ചില അപേക്ഷകളിലും നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായുണ്ട്.

സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിട കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ പുതു നിരക്കായ 6 രൂപലേക്ക് മാറ്റി പുതുക്കി നിർണ്ണയിക്കേണ്ടതായിരുന്ന പാർപ്പിട കെട്ടിടങ്ങൾ ഇത്തര നികുതി പുതുക്കി നിർണ്ണയിക്കാത്തതായുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പറിനായുള്ള/ കംപ്ലീഷൻ ഫയൽ തിയതി | കെട്ടിട നമ്പർ, ഉടമ | സഞ്ചയ നിലവിലെ നിരക്ക് | പ്ര നി |
|---|---|---|---|---|
| 1 | S3-5366/23.06.2023 (ക്രമവൽക്കരണം) | 15/251 B, ശ്രീ. അബ്ദുൽ വാജിദ് പി.ടി | 3 | |
| 2 | S3-5074/16.06.2023 | 3/48 A, ശ്രീ. മുഹമ്മദ് ഷെരീഫ് | 3 | |
| 3 | S3-7305/15.09.2023 | 18/274 A ശ്രീ. ജസീം. കെ | 3 | |
| 4 | S3-89/03.07.2023 (ക്രമവൽക്കരണം) | 6/164 C , അബ്ദുൽ നാസർ, ജാസ്മിൻ | 3 | |
| 5 | S3-7809/05.10.2023 | 4/456H, J, K L. ശ്രീമതി. സുലൈഖ ബീഗം പാലാട്ടിൽ മുതൽപേർ. | 3 | |

പെർമിറ്റ് നം. S3-BA(717)/2023/03.01.2023, ശ്രീമതി. സുലൈഖ ബീഗം പാലാട്ടിൽ W/O അലവി മു സുഹൈല D/O അലവി മുഹമ്മദ്, ഷിഫാന D/O അലവി മുഹമ്മദ്, മഞ്ചേരി, നെല്ലിക്കുത്ത് പി.ഒ എന്നിവ 01.04.2023ന് ശേഷം നമ്പർ അനുവദിച്ച 4/456 D (339.3m2 താഴത്തെ നില) , E (121.33m2), F(121.33m2) G(121 എല്ലാം ഒന്നാം നില, ആകെ 703.23ച.മീ. വിസ്തീർണ്ണം വാണിജ്യാവശ്യത്തിനുള്ള 100ച.മീ. മുക വിസ്തീർണ്ണമുള്ള ഷോപ്പുകൾ ഗണത്തിൽ 50രൂപ/ച.മീ നിരക്കിൽ നികുതിയാണ് നിർണ്ണയ ആയതിനാൽ, വാണിജ്യ, മറ്റ് കെട്ടിടങ്ങളും ഇത്തരത്തിൽ നികുതി പുതുക്കി നിർണ്ണയിക്കാത്ത നിലനിൽക്കുന്നുണ്ട് എന്നാണ് വ്യക്തമാകുന്നത്.

യഥാസമയം ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി പുതിയ വസ്തു നികുതിയും കെട്ടിട വിവര സഞ്ചയയിൽ ചേർക്കാതെ വന്നതാണ് അപാകതക്ക് കാരണം. ഇത്തരത്തിൽ വസ്തു നികുതി പു നിർണ്ണയിക്കേണ്ടതായുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുമില്ല. ഇത് സംബ ചുവടെ ചേർത്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിൽ 01.04.2023 മുതൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ, സഞ്ചയയിൽ നില പഴയ നിരക്കിലുള്ള (01.04.2023 ന് മുൻപുള്ള) നികുതി തന്നെയുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) 01.04.2023 മുതൽ പഴയ നിരക്കിൽ(01.04.2023 ന് മുൻപുള്ള) നികുതി നിർണ്ണയിച്ചവയും, സർക്കാർ ഉ ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം 01.04.2023 മുതലുള്ള പുതുക്കിയ നി നിരക്കിലേക്ക് മാറേണ്ടതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി, പുതിയ നികുതി നിർണ്ണയത്തി മാറ്റുമ്പോൾ അടവാക്കേണ്ടി വരുമായിരുന്ന നികുതി കുടിശ്ശിക വിവരങ്ങളും അ ഈടാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യവും രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 38/2023-24/20.12.2024- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ രജിസ്റ്ററുകളും അനു രേഖകളും പരിശോധിച്ചത് പ്രകാരം ഭവന നിർമ്മാണത്തിനായി വിവിധ ഗഡു തുകകൾ അനുവദി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്ന ഗുണഭോക്താക്കളുടെ വിവര ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക, ബ തിയതി |
|---|---|---|---|
| 1 | 181/2022-23, ഭവന നിർമ്മാണം എസ്.സി | വേലായുധൻ പൂക്കോടൻ | 40,000/-, 08/19.10.2022 SCP<br>100000/-, 25/24.12.2022 State S |
| 2 | 181/2022-23, ഭവന നിർമ്മാണം എസ്.സി | ഗിരീഷ് എം.കെ, ആനപ്രച്ചാലിൽ | 40,000/-, 08/19.10.2022 SCP |
| 3 | 10/2022-23, ഭവന നിർമ്മാണം ജനറൽ,<br>212/2023-24, ഭവന നിർമ്മാണം ജനറൽ | ആസ്യ വി.പി, പറമ്പിൽ വീട്, ചെങ്ങര | 40,000/-, 55/02.03.2023 BP Sha<br>40,000/-, 140/27.03.2024 Plan |

വിവിധ ഗഡു തുക അനുവദിച്ചിട്ട് വർഷങ്ങളായിട്ടും നാളിതുവരെ തുടർനടപടികളൊന്നും ഇ നിർമ്മാണം നിലച്ചിരിക്കുന്നത് ഉചിതമല്ല. വീട് നിർമ്മാണം തുടരുന്നതിനോ തുക തി ഈടാക്കുന്നതിനോ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് അന്വേഷണ കുറി 39/2023-24/20.12.2024 മറുപടി ലഭ്യമായിട്ടില്ല)

## 1-21 അങ്കണവാടികൾക്ക് പാത്രങ്ങൾ- വിതരണം, സ്റ്റോക്കെടുപ്പ് അപാകതക

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 175/24, അംഗനവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ

അടങ്കൽ- 100000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് - 88980/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ബിൽ നം. 2315095202240152 7003/25.03.2024

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേക്ക് സ്റ്റീൽ കുക്കർ(5Ltr), പാ'ത്രങ്ങൾ, ഗ്ലാസ്, ബൗൾ പാത്രങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നോട്ടീസ് നം. ICDS-04/2024/06.03.24 പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ സ്ഥാപനങ്ങളിലെ ടെണ്ടറുകൾ ലഭ്യമായതിൽ ഓരോ സ്ഥാപനങ്ങളും കുറഞ്ഞ വില രേഖപ്പെടു പാത്രത്തിന്റെ മാത്രം ടെണ്ടർ പ്രൊക്യുർമെന്റ് കമ്മിറ്റി 16.02.24ന് അംഗീകരിച്ച് ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് അതത് സ്ഥാപനങ്ങൾക്ക് 19.03.2024ന് സപ്ലേ ഓർഡർ നൽകി ഇൻവോ പ്രകാരം തുക അനുവദിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/വ്യക്തി | പാത്രം | ഒരെണ്ണം വില | എണ്ണം | ആകെ വില | സ്ഥാപനത്തിന്റെ ഇൻ വാറണ്ടി |
|---|---|---|---|---|---|---|
| 1 | ഫസൽ PT, ഹോം സ്റ്റൈൽ കാവനൂർ | സ്റ്റീൽ കുക്കർ 5Ltr ഇംപെക്സ് | 1500 | 35 | 52500 | 21/21.03.24, കരാർ, വാ എന്നിവ രേഖപ്പെടുത്തിയിട്ടി |
| 2 | റിയൽ എന്റർപ്രൈസസ് മഞ്ചേരി | സ്റ്റീൽ പ്ലേറ്റ് | 76 | 304 | 13376 | C562/20.03.24, SS Utensils. 2 വാറണ്ടി. |
| 3 | ഷി പാലസ് എടക്കര | സ്റ്റീൽ ഗ്ലാസ് | 30 | 368 | ഗ്ലാസ് ലഭ്യമാക്കിയിട്ടില്ല, ഇൻവോയ്സ് തുക അനുവദിച്ചിട്ടില്ല. | |
| 4 | റാണി മെറ്റൽസ്- കോഴിക്കോട് | സ്റ്റീൽ ബൗൾ | 44 | 304 | 23104 | 8/21.03.24 Rice Plate. കരാർ, വാ രേഖപ്പെടുത്തിയിട്ടില്ല. |
| ആകെ | | | | | 88980 | |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊക്യുർമെന്റ് പ്ലാൻ പ്രകാരം പാത്രങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി വി അംഗനവാടികളിൽ നിന്നും ആവശ്യകത കത്തുകൾ ലഭ്യമാക്കി ആവശ്യകത ഉറപ്പാക്കിയ ശേ പദ്ധതി/വാങ്ങൽ നടപടികൾ ആരംഭിച്ചത്. അംഗനവാടികളുടെ ആവശ്യകത കത്ത് ഇല്ല.

2) മേൽ ഉപകരണങ്ങൾ ഏതൊക്കെ അംഗനവാടികൾക്ക് എത്ര എണ്ണം വീതം വിതരണം ചെയ്തു എ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

3) അംഗനവാടികളുടെ കൈപ്പറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

4) വിതരണം സംബന്ധിച്ച വ്യക്തത വരുത്തുന്നതിനായി ഒരു അംഗനവാടിയിലെ സ്റ്റോക്ക് ര പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ആയത് പരിശോധിച്ചതിൽ, കുക്കർ, പ്ലേറ്റ് എന്നിങ്ങനെ മാത്ര വർഷങ്ങളിൽ കൈപ്പറ്റിയ ഉപകരണങ്ങളുൾപ്പടെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററായി കാണുന്ന നോട്ട്ബുക്കിൽ രേഖപ്പെടുത്തിയത് കണ്ടു. ഇതിൽ അംഗനവാടിയിലെ പേപ്പർ, പേന ഉ

നിത്യോപയോഗ സാധനങ്ങൾ അടക്കം രേഖപ്പെടുത്തുന്നുണ്ട്. നിശ്ചിത രീതിയിലുള്ള സ്റ്റോക്ക് ര എഴുതി സൂക്ഷിക്കുന്നില്ല.

5) മേൽ ഉപകരണങ്ങൾ എന്നാണ് അങ്കണവാടികൾക്ക് വിതരണം ചെയ്തത് എന്നത് വ്യക്തമല്ല. ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരി രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. എന്നാൽ മേൽ ഉപകരണ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കാതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാ വ്യക്തമാക്കേണ്ടതാണ്.

6) സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കുന്ന മേൽ നോട്ട് ബുക്കിലുള്ള എല്ലാ ഉപകരണങ്ങളും നില അംഗനവാടിയിൽ ഉണ്ടോ എന്നതും ഉപയോഗ ശൂന്യമായവ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ സൂ ആയതിലേക്ക് മാറ്റുകയോ ചെയ്തിട്ടുണ്ടോ എന്നതും വ്യക്തമല്ല.

7) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വ ഉദ്യോഗസ്ഥയോ മറ്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യമോ സാക്ഷ്യപത്രമോ രേഖപ്പെടുത്തിയിട്ടില്ല.

8) ഉപകരണങ്ങളുടെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ/രേഖപ്പെടുത്തല ഫയലിലോ മറ്റോ ഇല്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 രീതിയിൽ സ്റ്റോക്കിലെടുക്കുകയും നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്റ രേഖപ്പെടുത്തുകയും സ്റ്റോക്ക് എൻട്രി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം ഉപകരണ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെല കാരണമാകുന്നതുമാണ്. ഇക്കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/2023-24 തീയതി 16.12.2024ന് ലഭ്യമാ മറുപടിയിൽ, അപാകതകൾ ബോധ്യപ്പെട്ടതായും ആവർത്തിക്കാതിരിക്കുന്നതാണെ അങ്കണവാടികളുടെ ഉപകരണങ്ങൾ ചട്ടപ്രകാരം സ്റ്റോക്കിലെടുക്കുന്നതിനുള്ള നടപ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മേൽ ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ബഡ്സ് സ്കൂൾ - വാഹന ഡ്രൈവർക്ക് അധിക വേതനം നൽകി, മറ്റ് അപാകതകൾ

പ്രോജക്ട് : 172/23 പ്രതീക്ഷ ബഡ്സ് സ്കൂൾ ഹൊണറേറിയം

അടങ്കൽ : ₹11,83,700 (Plan Fund)

ചെലവ് തുക : ₹8,94,261 (Plan Fund)

പ്രതീക്ഷ ഡേ കെയർ സെന്റർ എന്ന ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലെ ജീവനക്കാരുടെ കരാർ കാലാ കഴിഞ്ഞതിൽ ഭരണസമിതിയുടെ 05.06.2023 ലെ 2(1) തീരുമാന പ്രകാരം നിലവിലെ ജീവനക്കാരെ ആയത് തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ടി ജീവനക്കാരുടെ കരാർ കാലാവധി മെയ് 31 ന് അവസാനിച്ചതിനാൽ കരാർ കാലാവധി 05.06.2023മുതൽ ഒരു വർഷത്തേക്ക് കൂടി പുര നൽകുന്നതിനും അവരുടെ വേതനം മാർഗ്ഗരേഖ പ്രകാരം ചുവടെ ചേർത്ത പ്രകാരം അനുവദിക്കുന്നത ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ശുപാർശ കൂടി പരിഗണിച്ച് അപ്രകാരം നൽകുന്നതിനും 20.10.20 35/1 നമ്പർ ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട്.

ആയിഷ സനിയ, അസി. ടീച്ചർ- 24520/- രൂപ.

സരിത ഇ.കെ, സക്കീന എ.കെ, ആയമാർ- 18390/- വീതം.

കോയാമു എ.എ, ഡ്രൈവർ- 20065/- രൂപ.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പദ്ധതി ഫയൽ, അനുബന്ധ രേ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) ഡ്രൈവർക്ക് 63655/- രൂപ അധിക വേതനം നൽകി**

പദ്ധതി പ്രകാരം 05.06.2023/ജൂൺ 2023 മുതൽ മാർച്ച് 2024വരെ അസി. ടീച്ചർ, ആയ(2 പേർ), ഡ്രൈ എന്നിവർക്ക് മേൽ ഭരണസമിതി തീരുമാനപ്രകാരമുള്ള നിരക്കിൽ കോൺട്രാക്ട് വ്യവസ്ഥയിൽ വേ നൽകിയിട്ടുണ്ട്. വാഹന ഡ്രൈവർക്ക് മാസത്തിൽ ₹20,065 രൂപയാണ് നൽകുന്നത്. ജില്ലാ പഞ്ചാ നൽകിയ വാഹനമാണ്(KL10 AT 9201 മാരുതി ഓംനി വാൻ) പഞ്ചായത്ത് ബഡ്സ് സ്കൂളിനായി ഉപയോഗിക്കു ടി വാഹനത്തിനായുള്ള ഇന്ധനചെലവ് മേൽ പ്രോജക്ടിൽ നിന്നാണ് വഹിക്കുന്നത്.

സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തിയതി.28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.8 പ്രക ബഡ്സ് സ്കൂളിന്റെ സ്പെഷ്യൽ ടീച്ചർ, അസി. ടീച്ചർ, ആയ എന്നിവർക്ക് സ.ഉ(പി) നം.29/2021/ധന. തി 11/02/2021 ൽ വ്യക്തമാക്കിയത് പ്രകാരം യഥാക്രമം കാറ്റഗറി IX,V,I എന്നിവയിൽ കോൺട്രാക്ട് വ്യവസ്ഥ പ്രതിമാസം അനുവദിക്കാവുന്ന തുകയുടെ പരമാവധി തുക ഓണറേറിയമായി നിശ്ചയിച്ച് നൽകിയി എന്നാൽ ഡ്രൈവറെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയ ആയതിനാൽ തന്നെ ഡ്രൈവറെ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമിക്കാനാവുന്നത്. ധന വകുപ്പിന്റെ മേൽ ഉത്തരവ് പ്രകാരം നിലവിലെ നിരക്കായ 730ആണ് ദിവസവേതന നിര നൽകാനാവുക. ബഡ്സ് സ്കൂളുകളുടെ വാഹനങ്ങളുട ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.04.2011ലെ 77737/എഫ്.എം.1/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്ര ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഡ്രൈവറുടെ വേതനം ദിവസ വേതന പരിധിക്ക് വിധേയമായമാ നിശ്ചയിച്ച് അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. സ്കൂളിലെ അറ്റൻഡൻ വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും ഡ്രൈവർക്ക് താഴെ പറയും പ്ര അധിക വേതനം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | നൽകിയ വേതനം | ബിൽ നമ്പർ/ തിയ്യതി (തുക) | അറ്റൻഡൻസ് പ്രകാരം ഹാജരായ ദിവസങ്ങൾ | നൽകാവുന്ന വേതനം @730 | അധിക നൽകി തുക |
|---|---|---|---|---|---|---|
| 1 | 09/2023 | 20065 | 231509522022400701454/27.10.2023 (Rs. 81365) | 17 | 12410 | 7655 |
| 2 | 06/2023 | 17390 | 231509522022400757260/08.11.2023 (Rs. 313531) | 16 | 11680 | 5710 |
| | 07/2023 | 20065 | | 18 | 13140 | 6925 |
| | 08/2023 | 20065 | | 18 | 13140 | 6925 |
| | 10/2023 | 20065 | | 19 | 13870 | 6195 |
| 3 | 11/2023 | 20065 | 231509522022400962216/20.12.2023 (Rs. 81365) | 22 | 16060 | 4005 |
| 4 | 12/2023 | 20065 | 231509522022401068643/14.01.2024 (Rs. 89815) | 14 | 10220 | 9845 |
| 5 | 01/2024 | 20065 | 231509522022401526744/25.03.2024 (Rs. 149753). | 21 | 15330 | 4735 |
| | 02/2024 | 20065 | | 21 | 15330 | 4735 |
| 6 | 03/2024 | 20065 | 231509522022401549990/25.03.2024 (Rs. 75037) | 18 | 13140 | 6925 |
| ആകെ | | 197975 | | 184 | 134320 | 63655 |

സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകുന്നതിനു പ കരാറടിസ്ഥാനത്തിൽ മാസത്തിൽ ₹20065 രൂപ നൽകുക വഴി അധികം 63655/- രൂപ ചെലവഴിച്ച കണ്ടെത്തി.

**<u>2) യഥാസമയം കരാർ ചമച്ച് നിയമനം നടത്താതെ ജീവനക്കാർക്ക് വേതനം നൽകി.</u>**

ഭരണസമിതിയുടെ 05.06.2023 ലെ 2(1) തീരുമാന പ്രകാരമാണ് നിലവിലെ ജിവനക്കാരെ വെച്ച് ബഡ്സ് തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചത്. എന്നാൽ ടി ജീവനക്കാരുടെ കരാർ കാലാവധി 2023 മെയ് അവസാനിച്ചതിനാൽ കരാർ കാലാവധി 05.06.2023മുതൽ ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകുന്ന 20.10.2023ലാണ് 35/1 നമ്പർ ഭരണ സമിതി തീരുമാനം എടുത്തതും തുടർന്ന് പദ്ധതി തുകയിൽ നിന്നും വ മാസങ്ങളിലെ വേതനം അനുവദിച്ചതും. ഇത് സംബന്ധിച്ച ചുവടെ ചേർത്ത അപാകതകൾക്ക് മറ ലഭ്യമാക്കേണ്ടതാണ്.

A) യഥാസമയം കരാർ പുതുക്കാതെ, 20.10.2023ന് 05.06.2023 മുതലുള്ള കരാർ പുതുക്കി നൽകി നിയ നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

B) ചുവടെ ചേർത്ത നാല് ജീവനക്കാരുടെ പേരിൽ 31.07.2023ന് വാങ്ങിയ, രേഖപ്പെടുത്തലുകൾ ഇല്ലാത രൂപയുടെ 8 എണ്ണം(ഓരാൾക്ക് 2 വീതം) മുദ്രപത്രങ്ങളാണ് ഫയലിൽ ഉള്ളത്. ആയതിൽ ര രേഖപ്പെടുത്തലുകൾ ഇല്ല, അതത് ജീവനക്കാരോ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ ഐ.സി.ഡി സൂപ്പർവൈസറോ മറ്റോ ഒപ്പ് വെച്ചിട്ടുമില്ല.

| ക്രമ നം | പേര്, തസ്തിക | മുദ്രപത്രത്തിന്റെ നമ്പർ |
|---|---|---|
| 1 | ആയിഷ സനിയ, അസി. ടീച്ചർ | 8265/31.07.23, DN106011, 8266/31.07.23, DN106012 |
| 2 | സക്കീന എ.കെ, ആയ | 8263/31.07.23, DN106009, 8264/31.07.23, DN106010 |
| 3 | സരിത ഇ.കെ, ആയ | 8261/31.07.23, DN106007, 8262/31.07.23, DN106008 |
| 4 | കോയാമു എ.എ, ഡ്രൈവർ | 8259/31.07.23, DN106005, 8260/31.07.23, DN106006 |

C) മേൽ ജിവനക്കാരെ കരാർ ഇല്ലാതെ/പുതുക്കാതെ ജോലിക്ക് നിയോഗിച്ചതും ഗ്രാമപഞ്ചായത്ത് ഫ നിന്നും വേതനം അനുവദിച്ചതും എന്തടിസ്ഥാനത്തലാണെന്ന് വ്യക്തമാക്കേണ്ടതാണ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/2023-24/16.12.2024ന് ലഭ്യമാക്കിയ മറുപടി പ്ര 2016 മുതൽ ബഡ്സ് സ്കൂൾ നടത്തിപ്പിന്റെ പൂർണ്ണ ചുമതല ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായത്

